**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമവികസന വകുപ്പിലെ ക്ലാർക്കുമാരുടെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പിലെ ക്ലാർക്കുമാരേയും സീനിയർ ക്ലാർക്കുമാരേയും അതത് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തിൽ ഒഴിവുള്ള പുനർവിന്യാസ തസ്തികയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഗ്രാമവികസന വകുപ്പ് ഉൾപ്പടെയുള്ള 19 വകുപ്പുകളിൽ നിന്നുള്ള ക്ലാർക്ക് തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചുകൊണ്ട് 04/07/2000-ലെ സ.ഉ.(അ)നം.187/2000/എൽഎസ്ജിഡി പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പുനർവിന്യാസം പുനഃക്രമീകരിച്ചുകൊണ്ട് സ.ഉ.(സാധാ)നം.2082/2019/തസ്വഭവ, തീയതി 26.09.2019 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാമാണ് ഗ്രാമവികസന വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ നിന്നും ക്ലർക്ക്, സീനിയർ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നത്. |
| (ബി) | പല പഞ്ചായത്തിലും പുനർവിന്യാസം വഴി നിയമിക്കപ്പെടേണ്ട ക്ലാർക്കുമാരുടെ സേവനം മറ്റ് വകുപ്പുകൾ വിട്ടുനൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സ.ഉ.(സാധാ)നം.2082/2019/തസ്വഭവ, തീയതി 26.09.2019 പ്രകാരം വിവിധ വകുപ്പികളിൽ നിന്നുള്ള പുനർവിന്യാസം പുനഃക്രമീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തസ്തികകൾ പൂർണ്ണമായും ചില വകുപ്പുകൾ പുനർവിന്യസിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത വകുപ്പുകളിലെ ക്ലാർക്കുമാരേയും സീനിയർ ക്ലാർക്കുമാരേയും മറ്റ് വകുപ്പുകളിലേക്ക് പുനർവിന്യാസം ചെയ്യുന്നുണ്ടോ; | (സി) | ഇല്ല. പ്രസ്തുത വകുപ്പുകളിലെ ക്ലാർക്കുമാരെയും സീനിയർ ക്ലാർക്കുമാരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കാണ് പുനർവിന്യസിച്ചു വരുന്നത്. |
| (ഡി) | ബ്ലോക്ക് പഞ്ചായത്തിലേക്ക് പുനർവിന്യാസം വഴി നിയമിക്കുന്ന ഒരു ക്ലാർക്ക് തസ്തിക ഗ്രാമവികസന വകുപ്പിന്റെ കേഡർ തസ്തികയാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാമെന്നിരിക്കെ ആയതിന് നടപടി സ്വീകരിക്കുമോ? | (ഡി) | തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള 5 വകുപ്പുകൾ ഏകീകരിച്ചുകൊണ്ട് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയം പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ